സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും വ്യാജമദ്യ കടത്ത്, നിർമ്മാണം, വിൽപ്പന എന്നിവ സംബന്ധിച്ച ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കടത്തുവാൻ സാദ്ധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തുന്നുമുണ്ട്. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതു ജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും സ്പിരിറ്റ് വ്യാജമദ്യം എന്നിവയുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനിതാ എക്സൈസ് ഗാർഡുകളുടെ ഒഴിവ്

76 (4410) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഏതെല്ലാം ഓഫീസുകളിലാണ് വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുള്ളത് ; അവരുടെ അനുപാതവും പ്രാതിനിധ്യ ആനുപാതവും വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ഓരോ ജില്ലയിലും ഇവരുടെ എത്ര ഒഴിവുകൾ വീതമുണ്ട് ;

(സി) ഇവയിൽ ഓരോ ജില്ലയിലെയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെത്രയാണ് ;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതി ന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമന വിവരം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ അനുപാതം സംസ്ഥാനത്തെ ആകെ സിവിൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്തിന്റെ 10% ആണ്.

ജില്ല	ഓഫീസുകളുടെ എണ്ണം	വനിതാ സിവിൽ എക്സൈസ് ഓഫീസർ മാരുടെ എണ്ണം
(1)	(2)	(3
തിരുവനന്തപുരം	12 (റേഞ്ച്)	27

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കൊല്ലം	8 (റേഞ്ച്)	19
ആലപ്പുഴ	9 (റേഞ്ച്)	19
പത്തനംതിട്ട	7 (വിവിധ ഓഫീസുകളിൽ)	14
കോട്ടയം	11 (റേഞ്ച്)	22
ഇടുക്കി	11 (റേഞ്ച്)	24
എറണാകുളം	14 (റേഞ്ച്)	27
തൃശ്ശൂർ	(വിവിധ ഓഫീസുകളിൽ)	24
പാലക്കാട്	13 (റേഞ്ച് & സ്ക്വാഡ്)	30
മലപ്പുറം	9 (റേഞ്ച്)	16
കോഴിക്കോട്	10 (റേഞ്ച്)	18
വയനാട്	3 (റേഞ്ച്)	9
കണ്ണൂർ	10 (വിവിധ ഓഫീസുകളിൽ)	21
കാസർഗോഡ്	6 (റേഞ്ച്)	11

(ബി) വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	2
കൊല്ലം	-	1
പത്തനംതിട്ട	-	1
കോട്ടയം	-	1
ഇടുക്കി	-	1
എറണാകുളം	-	1

മറ്റ് ജില്ലകളിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല.

(സി)	തിരുവനന്തപുരം	-	1
	കൊല്ലം	-	1

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട - 1

ഇടുക്കി - 1

കോട്ടയം - 1

(ഡി) ഇനിയും റിപ്പോർട്ട് ചെയ്യുവാനുള്ള തിരുവനന്തപുരം, എറണാകുളം ജില്ലയിലെ ഓരോ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതുമാണ്.

വ്യാജവാറ്റും വ്യാജമദ്യവിൽപനയും കഞ്ചാവ് വിൽപനയും തടയാൻ നടപടി

77 (4411) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടു സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യവിൽപ്പനയും കഞ്ചാവ് വിൽപ്പനയും വർദ്ധിച്ചു വരുന്നതായ വാർത്തകളുടെ അടിസ്ഥാനത്തിൽ അവ തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ;

(ബി) വീടുകൾ കേന്ദ്രീകരിച്ച് വ്യാജ മദ്യ വിൽപ്പന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ എക്സൈസ് ഗാർഡുകളെ നിയമിച്ച് റെയ്ഡുകൾ ഊർജ്ജിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ടു സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യ വിൽപ്പനയും കഞ്ചാവ് വിൽപ്പനയും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly